## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ

## അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം

വിഷയം:- വിഷയം:- ആ.വ.ഡ – 31.12.2020 വരെയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ (ഹെഡ് നഴ്സ്) തസ്തികയിലെ പ്രാഥമിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്-

സൂചന :- 1. ഇ. എസ്3-79759/2017/ഈ.വ.ഡ, തീയതി. 23.10.2017
2. ഈ ഓഫീസിലെ 20.09.2021 ലെ ഇതേ നമ്പർ സർക്കുലർ

**ഉത്തരവ് നം. ഇ.എസ്3/68160/2019/ആ.വ.ഡ തീയതി : 18/11/2021**

ആരോഗ്യ വകുപ്പിൽ 01.01.2017 വരെയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ (ഹെഡ് നഴ്സ്) തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് സൂചന ഒന്ന് പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ തുടർച്ചയായി 31.12.2020 വരെയുള്ള സീനിയർ നഴ്സിംഗ് ഓഫീസർ (ഹെഡ് നഴ്സ്) തസ്തികയിലെ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി ജീവനക്കാരുടെ സേവനവിവരങ്ങൾ സൂചന രണ്ട് പ്രകാരം ആവശ്യപ്പെട്ടിരുന്നു. സൂചന ഒന്ന് പ്രകാരമുള്ള ഉത്തരവിൽ നിലവിൽ സീനിയർ നഴ്സിംഗ് ഓഫീസർമാരായി ജോലി ചെയ്യുന്ന ജീവനക്കാരെയും വിവിധ ജില്ലാ മെഡിക്കൽ ഓഫീസർമാർ സൂചന രണ്ട് പ്രകാരം സമർപ്പിച്ച അപേക്ഷകളുടെയും അടിസ്ഥാനത്തിൽ 31.12.2020 വരെയുള്ള സീനിയർ നഴ്സിംഗ് ഓഫീസർമാരുടെ പ്രാഥമിക സീനിയോറിറ്റി പട്ടിക ഇതിനാൽ പ്രസിദ്ധീകരിച്ച് ഉത്തരവ് ആകുന്നു.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ടി പട്ടിക പ്രസിദ്ധീകരിച്ച് ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സീനിയർ നഴ്സിംഗ് ഓഫീസർമാരായി സ്ഥാനക്കയറ്റം കിട്ടിയ (31.12.2020 വരെ) ജീവനക്കാർ ഉണ്ടെങ്കിൽ ആയവരും പട്ടികയിന്മേൽ മറ്റെന്തെങ്കിലും ആക്ഷേപങ്ങൾ ഉള്ളവരും 2021 ഡിസംബർ 15 ന് മുൻപ് ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം ഉചിതമാർഗ്ഗേണ ഈ ആഫീസിൽ എത്തിക്കാൻ എല്ലാ കീഴ്സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകേണ്ടതുമാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങൾ ഒന്നും ഇല്ല എന്ന നിഗമനത്തിൽ പട്ടിക അന്തിമമാക്കുന്നതാണ്.

പട്ടിക അനുബന്ധം A ആയി ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.

ഒപ്പ്/-
ഡോ. ബിന്ദു മോഹൻ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
   (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്